സ്കൂൾ പാഠ്യപദ്ധതിയിൽ ലഹരിവിരുദ്ധ പാഠങ്ങൾ

135 (3645) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാഠ്യപദ്ധതിയിൽ ലഹരിവിരുദ്ധ പാഠങ്ങൾ ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ലഹരിവിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.ടി-യുടെ ശിപാർശ പ്രകാരം സ്കൂൾ കരിക്കുലം കമ്മിറ്റി തീരുമാനം അനുസരിച്ച് 2014-15 അദ്ധ്യയന വർഷത്തിൽ 1, 3, 5, 7, 11 ക്ലാസ്സുകളിൽ ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 2015-16 അദ്ധ്യയന വർഷത്തിൽ 2, 4, 6, 8, 12 ക്ലാസ്സുകളിലും 2016-17 അദ്ധ്യയന വർഷം 9, 10 ക്ലാസ്സുകളിലും ലഹരിവിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കുട്ടികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം മൂലമുണ്ടാകുന്ന ഭ്രഷ്യവശങ്ങളെക്കുറിച്ചും, ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുക, അതിലൂടെ ലഹരി വിമുക്തവും ആരോഗ്യപൂർണ്ണവുമായ ഒരു പുതുതലമുറയെ വാർത്തെടുക്കുക എന്നിവയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യം വയ്ക്കുന്നത്.

(സി) സ്കൂൾതലങ്ങളിൽ പാഠ്യവിഷയത്തിൽ ലഹരിവിരുദ്ധ ബോധവൽക്കരണ ആശയങ്ങൾ അടങ്ങിയ പാഠഭാഗം ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി എസ്.സി.ഇ.ആർ.ടി.-യുടെ ശിപാർശ പ്രകാരം സ്കൂൾ കരിക്കുലം കമ്മിറ്റി തീരുമാനം 7, 8 ക്ലാസ്സുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. വരുന്ന അദ്ധ്യയന വർഷത്തിൽ 9, 10 ക്ലാസ്സുകളിലും ലഹരിവിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടുത്തുന്നതിനും ഹയർ സെക്കണ്ടറി ഇംഗ്ലീഷ് പാഠപുസ്തകത്തിലും ഫസ്റ്റ് ഇയർ ഹോം സയൻസിലും ലഹരിവിരുദ്ധ ആശയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ലഹരിവിരുദ്ധ സന്ദേശം സ്കൂൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിന് അദ്ധ്യാപകർക്കുവേണ്ടി "അതിജീവനം" എന്ന കൈപ്പുസ്തകം എസ്.സി.ഇ.ആർ.ടി. യിലൂടെ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്.

ആയുർവേദ ഔഷധ വിതരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന എക്സൈസ് നിയമങ്ങൾ ഭേദഗതി

136 (3646) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ ഔഷധ വിതരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന എക്സൈസ് നിയമങ്ങൾ ഭേദഗതി ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ആയുർവേദ ഫാർമസ്യൂട്ടിക്കൽസ് ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷന്റെ നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു;

(ബി) ആയുർവേദ ഔഷധ വിതരണ സ്ഥാപനങ്ങൾക്ക് എസ്.പി.സിക്സ് ലൈസൻസ് നിർബന്ധമായിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത ലൈസൻസ് പിൻവലിക്കണമെന്ന ആവശ്യം ആയുർവേദ ഫാർമസ്യൂട്ടിക്കൽസ് ഡിസ്ട്രിബ്യൂട്ടേഴ്സ് (എ.പി.ഡി.എ.) ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ബി) നിലവിലെ സ്പിരിച്ചുസ് പ്രിപ്പറേഷൻ (കൺട്രോൾ) റൂൾ 1969-റൂൾ-11 പ്രകാരം ആയുർവേദ അരിഷ്ടാസവങ്ങളുടെ മൊത്ത വിൽപ്പനയ്ക്ക് എസ്.പി.-VI ലൈസൻസ് നിർബന്ധമാണ്.

(സി) ഉണ്ട്. ആയത് പരിശോധിച്ചുവരുന്നു. നിയന്ത്രണങ്ങൾ ഇല്ലാതെ ആൾക്കഹോൾ അടങ്ങിയ അരിഷ്ടാസവങ്ങൾ വിൽപ്പന നടത്താൻ അനുവദിക്കുന്നത്, ദുരുപയോഗം ചെയ്യാൻ സാദ്ധ്യത കൂടുതലാണ്. ആയതിനാൽ ലൈസൻസ് ഒഴിവാക്കുന്ന കാര്യം പരിഗണിക്കാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly